## അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

58 (2777) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ; എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത സെന്ററുകൾ മുഖാന്തരം ലഭ്യമാവുകയെന്ന് വ്യക്തമാക്കുമോ?

കർഷക തൊഴിലാളികളുടെ കുറവ് പരിഹരിക്കുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപ്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക, ഗുണമേന്മയുള്ള നടീൽവസ്തുക്കൾ, ജൈവവളം മറ്റ് ഉൽപ്പാദനോപാധികൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക തുടങ്ങിയവ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനപരിധിയിൽ വരുന്ന ഘടകങ്ങളാണ്. കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുകയും യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിക്കൊടുക്കുകയും ചെയ്യുന്നു. കർഷകർക്ക് ആവശ്യമുള്ള ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനമാണ് അഗ്രോ സർവ്വീസ് സെന്ററുകൾ. തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുക, കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുക, ബയോ ഫാർമസി, ഇക്കോ ഷോപ്പ് തുടങ്ങിയവ നടത്തുക എന്നിവയൊക്കെ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങളിൽപ്പെടുന്നവയാണ്. നഴ്സറികൾ നടത്തുന്നതുവഴി ഗുണമേന്മയുള്ള നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും അഗ്രോ സർവ്വീസ് സെന്ററുകൾ സഹായിക്കുന്നു.

(ബി) ഉടുമ്പൻചോല മണ്ഡലത്തിൽ നിലവിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ ഒരു അഗ്രോസർവ്വീസ് സെന്റർ ബാലഗ്രാമിൽ അനുവദിച്ച് 2016-ൽ പ്രവർത്തനം തുടങ്ങിയെങ്കിലും അഗ്രോ സർവ്വീസ് ടെക്നീഷ്യൻമാർ ജോലി ചെയ്യാൻ തയ്യാറാകാത്തതിനാൽ നിലവിൽ പ്രവർത്തനരഹിതമാണ്.

(സി) പുതിയതായി അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിക്കുന്നുണ്ടോ; ഇവ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2021-22 സാമ്പത്തിക വർഷം മുതൽ അഗ്രോസർവ്വീസ് സെന്ററുകൾ കൃഷിശ്രീ സെന്ററുകൾ എന്നറിയപ്പെടുന്നു. ഈ സാമ്പത്തിക വർഷത്തിൽ എട്ട് കൃഷിശ്രീ സെന്ററുകൾ രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സൗകര്യം, മെഷിനറി സൂക്ഷിക്കുന്നതിന് സൗകര്യം എന്നിവ നൽകുന്ന ഏജൻസികളേയോ, ഇവയ്ക്ക് സ്ഥലസൗകര്യം നൽകുന്ന ബ്ലോക്ക് പഞ്ചായത്തുകളേയോ ആണ് അഗ്രോസർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുന്നത്. അതതു ജില്ലകളിലെ ആത്മ പ്രോജക്ട് ഡയറക്ടർ പരസ്യം നൽകി ഏത് ബ്ലോക്കിലാണ് അഗ്രോസർവ്വീസ് സെന്റർ/കൃഷിശ്രീ സെന്ററുകൾ ആവശ്യം എന്നതനുസരിച്ച് പുതിയ അഗ്രോസർവ്വീസ് സെന്റർ അനുവദിക്കുന്നു. ഓഫീസ് പ്രവർത്തിക്കുന്നതിന് 25m2 വിസ്തീർണ്ണമുള്ള മുറിയും മെഷിനറി സൂക്ഷിക്കുന്നതിന് 200m2 സ്ഥല സൗകര്യവും നിർബന്ധമായും നൽകുന്ന ബ്ലോക്കിനാണ് കൃഷിശ്രീ സെന്ററുകൾ അനുവദിക്കുക. ഒരു ബ്ലോക്കിൽ സാധാരണഗതിയിൽ ഒരു കൃഷിശ്രീ സെന്റർ മാത്രമേ അനുവദിക്കുകയുള്ളൂ.

**ഹോർട്ടികോർപ്പ്-കാർഷികോല്പന്ന സംഭരണ കേന്ദ്രം**

59 (2778) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിൽക്കുന്നതിനും കർഷർക്ക് ന്യായവില ലഭ്യമാക്കുന്നതിനും മലപ്പുറം ജില്ലയിൽ നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ വിശദീകരിക്കാമോ; വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപരിഹരിക്കാൻ മലപ്പുറം ജില്ലാ ആസ്ഥാനത്തുൾപ്പെടെ പ്രധാന കേന്ദ്രങ്ങളിൽ ഹോർട്ടികോർപ്പിന് കീഴിൽ കാർഷികോല്പന്നങ്ങളുടെ സംഭരണ-വിപണന കേന്ദ്രം ആരംഭിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) മലപ്പുറം ജില്ലയിലെ കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നതിന് വണ്ടൂർ കേന്ദ്രമായി ഹോർട്ടികോർപ്പ് ജില്ലാ സംഭരണ കേന്ദ്രം പ്രവർത്തിക്കുന്നു. ഇങ്ങനെ സംഭരിക്കുന്ന പച്ചക്കറികൾ മലപ്പുറം ജില്ലയിലെ ഹോർട്ടികോർപ്പിന് കീഴിലുള്ള 5 സ്വന്തം സ്റ്റാളുകൾ വഴിയും പത്തോളം ഇൻസ്റ്റിറ്റ്യൂഷനുകൾ വഴിയും വിറ്റഴിക്കുന്നു. അധികമായി സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ മറ്റു ജില്ലാ സംഭരണകേന്ദ്രങ്ങളിലേയ്ക്ക് അയച്ച് അവിടെ വിൽപ്പന നടത്തുന്നു. പ്രസ്തുത സംഭരണകേന്ദ്രത്തിന് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ, ആയത് പരിഹരിക്കുന്നതിന് വണ്ടൂരിൽ നിലവിലുള്ള സംഭരണ കേന്ദ്രത്തിന് പുറമെ വളാഞ്ചേരി/തവനൂർ കേന്ദ്രമാക്കി ഒരു സംഭരണ കേന്ദ്രവും അനുബന്ധമായി വിൽപ്പന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.